ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റ്
വികാസ് ഭവൻ, തിരുവനന്തപുരം
ടെലിഫോൺ-0471-2300523,24,2302090
ഇ-മെയിൽ-director.mwd@gmail.com
വെബ് സൈറ്റ്-www.minoritywelfare.kerala.gov.in

ഭരണ ഭാഷ-മാതൃഭാഷ

നം.MWD/373/2026-S തീയതി.12-10-2026

2026-27 സാമ്പത്തിക വർഷത്തെ ന്യൂനപക്ഷ മതവിഭാഗങ്ങളിലെ പോളിടെക്നിക്ക് ഡിപ്ലോമ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള എ.പി.ജെ.അബ്ദുൽ കലാം സ്കോളർഷിപ്പ് അപേക്ഷ ക്ഷണിച്ചു

വിജ്ഞാപനം

സർക്കാർ/സർക്കാർ എയ്ഡഡ്/സർക്കാർ അംഗീകൃത സ്വാശ്രയ പോളിടെക്നിക്കുകളിൽ മൂന്നു വർഷ ഡിപ്ലോമ കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് (മുസ്ലീം, ക്രിസ്ത്യൻ (എല്ലാ വിഭാഗക്കാർക്കും) , സിഖ്, ബുദ്ധ, ജൈന, പാഴ്സി) ജനസംഖ്യാനുപാതികമായി 2026-27 സാമ്പത്തിക വർഷം നൽകുന്നതിലേക്കായി **എ.പി.ജെ. അബ്ദുൽ കലാം സ്കോളർഷിപ്പിനുള്ള അപേക്ഷ ക്ഷണിക്കുന്നു.**

കേരളത്തിൽ പഠിക്കുന്ന സ്ഥിരതാമസക്കാരായ ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ് നൽകുന്നത്. **₹6,000/- ആണ് സ്കോളർഷിപ്പ് തുകയായി അനുവദിക്കുന്നത്.** സർക്കാർ അംഗീകൃത സ്വാശ്രയ പോളിടെക്നിക്കുകളിൽ മെറിറ്റ് സീറ്റിൽ അഡ്മിഷൻ നേടിയ വിദ്യാർത്ഥികൾക്കും അപേക്ഷിക്കാവുന്നതാണ്. ബി.പി.എൽ (BPL) വിഭാഗത്തിൽപ്പെട്ടവർക്ക് മുൻഗണന നൽകുന്നതാണ്. ബി.പി.എൽ അപേക്ഷകരുടെ അഭാവത്തിൽ ന്യൂനപക്ഷ മതവിഭാഗത്തിലെ 8 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള എ.പി.എൽ (APL) വിഭാഗത്തെയും പരിഗണിക്കും. **രണ്ടാം വർഷക്കാരെയും മൂന്നാം വർഷക്കാരെയും സ്കോളർഷിപ്പിനായി പരിഗണിക്കുന്നതാണ്. ഒറ്റത്തവണ മാത്രമേ സ്കോളർഷിപ്പ് ലഭിക്കുകയുള്ളൂ.**

30% സ്കോളർഷിപ്പ് പെൺകുട്ടികൾക്കായി സംവരണം ചെയ്തിട്ടുണ്ട്. നിശ്ചിത ശതമാനം പെൺകുട്ടികൾ ഇല്ലാത്തപക്ഷം അർഹരായ ആൺകുട്ടികളെയും സ്കോളർഷിപ്പിന് പരിഗണിക്കുന്നതാണ്. ന്യൂനപക്ഷ വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത് കുടുംബ വാർഷിക വരുമാനത്തിന്റെയും മാർക്കിന്റെയും അടിസ്ഥാനത്തിൽ ജനസംഖ്യാനുപാതികമായിട്ടാണ്. അപേക്ഷകർക്ക് ഏതെങ്കിലും ഷെഡ്യൂൾഡ് കൊമേഴ്സ്യൽ ബാങ്കിൽ സ്വന്തം പേരിൽ അക്കൗണ്ട്

ഉണ്ടായിരിക്കണം. **mwdscholarship.kerala.gov.inഎന്ന വെബ്സൈറ്റിലെ സ്കോളർഷിപ്പ് ലിങ്ക് മുഖേന ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്.**

ഓൺലൈൻ അപേക്ഷയുടെ ഫീൽഡുകൾ പൂർണമായി പൂരിപ്പിച്ച് നിർദ്ദിഷ്ട രേഖകൾ അപ്ലോഡ് ചെയ്ത് പ്രിന്റ് ഔട്ടും അനുബന്ധ രേഖകളും നിശ്ചിത തീയതിക്കുള്ളിൽ സ്ഥാപനമേധാവിക്ക് സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471-2300523, 0471-2300524 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

<u>അപേക്ഷിക്കേണ്ട രീതി:</u>

1. *www.mwdscholarship.kerala.gov.in*–എന്ന വെബ് സൈറ്റിലെ "One-time registration."-ൽ ക്ലിക്ക് ചെയ്യുക
2. വെബ്സൈറ്റിൽ വിദ്യാർത്ഥിയുടെ പേര്, ആധാർ, ഫോൺ നമ്പർ തുടങ്ങിയ പ്രാഥമിക വിവരങ്ങൾ നൽകി രജിസ്റ്റർ ചെയ്ത ശേഷം ലോഗിൻ ചെയ്യുക.
3. വിദ്യാർത്ഥിയുടെ വ്യക്തി വിവരങ്ങൾ, ബാങ്ക് അക്കൗണ്ട്, പഠിക്കുന്ന സ്ഥാപനത്തിന്റെ വിവരങ്ങൾ എന്നിവ നൽകി പ്രൊഫൈൽ പൂർത്തിയാക്കുക. ശേഷം 'Add Qualification' വഴി മുൻകാല വിദ്യാഭ്യാസ യോഗ്യതകൾ ചേർക്കുക
4. 'Apply For Scholarship' എന്നതിൽ ക്ലിക്ക് ചെയ്ത് സ്കോളർഷിപ്പ് തിരഞ്ഞെടുക്കുക
5. Photo, signature, SSLC certificate, Income certificate, Bank passbook, Allotment Memo എന്നിവ അപ്ലോഡ് ചെയ്ത് അപേക്ഷ സമർപ്പിക്കുക
6. അപേക്ഷ സമർപ്പിച്ചതിനു ശേഷം 'Submitted Applications' എന്ന വിഭാഗത്തിൽ പോയി അപേക്ഷയുടെ തൽസ്ഥിതി പരിശോധിക്കാവുന്നതാണ്.

<u>അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ</u>

1. അപേക്ഷയുടെ രജിസ്ട്രേഷന് പ്രിന്റൌട്ട്.
2. എസ്.എസ്.എൽ.സി., പ്ലസ്ടു/വി.എച്ച്.എസ്.ഇ തുടങ്ങിയവയുടെ മാർക്ക് ലിസ്റ്റിന്റെ പകർപ്പ്.
3. അലോട്ട്മെന്റ് മെമ്മോ - യുടെ പകർപ്പ്
4. അപേക്ഷകരുടെ സ്വന്തം പേരിലുള്ള ബാങ്ക് പാസ്സ് ബുക്കിന്റെ ഒന്നാമത്തെ പേജിന്റെ പകർപ്പ്

(പേര്, അക്കൗണ്ട് നമ്പര്, ബ്രാഞ്ച് കോഡ്, ബ്രാഞ്ചിന്റെ അഡ്രസ്സ് എന്നിവ ഉള്പ്പെടുത്തിയിരിക്കണം).

5. ആധാര് കാര്ഡിന്റെ പകര്പ്പ്

6. നേറ്റിവിറ്റി സര്ട്ടിഫിക്കറ്റ് പകര്പ്പ്

7. കമ്മ്യൂണിറ്റി സര്ട്ടിഫിക്കറ്റിന്റെ / മൈനോരിറ്റി സര്ട്ടിഫിക്കറ്റിന്റെ പകര്പ്പ്.

8. വരുമാന സര്ട്ടിഫിക്കറ്റ് (വില്ലേജ് ഓഫീസില് നിന്ന്)

9. റേഷന് കാര്ഡിന്റെ പകര്പ്പ്

<u>സ്ഥാപന മേധാവികളുടെ ശ്രദ്ധയ്ക്ക്</u>

1. അപേക്ഷകര് സമര്പ്പിച്ചിരിക്കുന്ന രേഖകൾ സ്ഥാപനമേധാവിയോ അദ്ദേഹം ചുമതലപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥനോ ഓണ്ലൈനായി പരിശോധിക്കണം (Verification).

2. സൂക്ഷ്മ പരിശോധന (Verification)പൂര്ത്തീകരിച്ച അപേക്ഷകൾ സ്ഥാപനമേധാവി ഓണ്ലൈൻ വഴി അംഗീകരിച്ചിരിക്കണം (Approval).

3. എല്ലാ രേഖകളുടെയും നിജസ്ഥിതി സ്ഥാപനമേധാവി ഉറപ്പു വരുത്തേണ്ടതാണ്.

4. ബാങ്ക് അക്കൗണ്ട് സംബന്ധമായ രേഖകൾ (Account No, IFSC Code, Bank with Branch Name (latest)) വ്യക്തമായി സ്ഥാപനമേധാവി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.. ഇതിൽ വീഴ്ച വരുത്തുന്നപക്ഷം വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് reject ആവുകയാണെങ്കിൽ ആയതിൽ വകുപ്പ് ഉത്തരവാദിയായിരിക്കുന്നതല്ല.

5. വിജ്ഞാപനത്തിലെ നിശ്ചിത തീയതിക്കകം സ്ഥാപനമേധാവി അപേക്ഷകളിൽ പരിശോധന നടത്തി അംഗീകരിച്ചിരിക്കണം.

6. ഓണ്ലൈൻ മുഖേന വെരിഫിക്കേഷനും അപ്രൂവലും ചെയ്ത അപേക്ഷകള് അതതു സ്ഥാപനങ്ങളിൽ തന്നെ സൂക്ഷിക്കേണ്ടതും, സ്വാശ്രയ പോളിടെക്നിക്കുകളിലെ അപേക്ഷകൾ മാത്രം നേരിട്ടോ, തപാല് മുഖേനയോ ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റിലേക്ക്

എത്തിക്കേണ്ടതുമാണ്. വിലാസം: - **ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റ്, നാലാം നില, വികാസ് ഭവന്, തിരുവനന്തപുരം-695033.**

<u>അവസാന തീയതി</u>

1. വിദ്യാര്ത്ഥികൾ ഓണ്ലൈനായി അപേക്ഷിക്കേണ്ട അവസാന തീയതി: **25.11.2026**

2. ഓണ്ലൈനായി രജിസ്ട്രേഷൻ പ്രിന്റൗട്ടും മറ്റ അനുബന്ധ രേഖകളും സ്ഥാപന മേധാവിയ്ക്ക് സമര്പ്പിക്കേണ്ട അവസാന തീയതി. 28.**11.2026.**

3. സ്ഥാപനമേധാവികള് ടി അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തി ഓണ്ലൈനായി അപ്രൂവൽ നല്കേണ്ട അവസാന തീയതി. 30.**11.2026.**

4. സ്ഥാപനമേധാവികൾ (സ്വാശ്രയ പോളിടെക്നിക്കുകൾ) അപ്രൂവൽ നല്കിയ അപേക്ഷകൾ ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റിലേക്ക് എത്തിക്കേണ്ട അവസാന തീയതി. **05.12.2026**

Digitally signed by
DEVIDAS N
Date: 12-10-2026
15:19:33

വിശ്വസ്തതയോടെ

DEVIDAS N IAS
DIRECTOR